## (84.) തോണിക്കടവ് സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് പിതാവ് എ.ഡി. 1942-ൽ (15/9/1120) ഒരു ദേവാലയം പണിയുന്നതിനായി റാന്നി കളരിക്കൽക്കാരിൽ നിന്നും തോണിക്കടവിൽ 100 ഏക്കർ സ്ഥലം വാങ്ങി. പള്ളി സ്ഥാപിക്കുന്നതിനുള്ള തീരുമാനത്തോട് ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമനസ്സുകൊണ്ട് തോണിക്കടവിൽ വന്ന് താമസിച്ചു. ഈ പ്രദേശം താമസത്തിന് തെരഞ്ഞെടുക്കുവാൻ ഉണ്ടായ മൂന്ന് കാരണങ്ങൾ. 1). ഞാൻ നട്ടുനനച്ചുവളർത്തിയ സത്രത്തിന്റെ (ബഥനിമല) സമീപത്തായിരുന്നു തോണിക്കടവ് പ്രദേശം. 2). ബഥനി സെന്റ് തോമസ് പള്ളിയുടെ ആദ്യ ഇടവകക്കാരായ പന്ത്രണ്ട് വിട്ടുകാരിൽ ആറ് വീട്ടുകാർ തോണിക്കടവിലുള്ള ചെങ്ങന്നൂർ പഴയപള്ളി വീട്ടുകാർ ആയിരുന്നതിനാൽ ആ വീടുകളുമായി തിരുമേനിക്ക് അഭേദ്യമായ ബന്ധമുണ്ടായിരുന്നു. 3). മാർത്തോമ്മാ ശ്ലീഹാ നിരണത്തുനിന്നും പമ്പാനദിയിലൂടെ തോണിക്കടവൽ വന്നിറങ്ങി. കരമാർഗ്ഗം നിലയ്ക്കലിൽ പോയി സുവിശേഷം അറിയിച്ചു എന്നാണ് ചരിത്രം. തോണിക്കടവിൽ മാർ ഈവാനിയോസ് പിതാവ് വന്നിറങ്ങിയ ഭൂമിയിൽ രണ്ട് നിലകളുള്ള പുകപ്പുര ഉണ്ടായിരുന്നു. ഈ കെട്ടിടം പള്ളിമേടയായി ഉപയോഗിച്ച് പിതാവ് അവിടെ താമസിച്ചു. തത്കാലം ഈ കെട്ടിടത്തിന്റെ പടിഞ്ഞാറുഭാഗം പൊളിച്ച് ഒരു ചാപ്പൽ സ്ഥാപിച്ചു. ആദ്യവികാരിയായി കാപ്പുകാട്ട് അച്ചനെ നിയമിക്കുകയും ശേഷം പിതാവ് തിരുവനന്തപുരത്തേക്ക് മടങ്ങി.

തുടർന്നുവന്ന അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ കാലത്ത് കുറ്റിക്കയം ഫ്രാൻസീസ് വക കുടുംബപള്ളിയായ മാമ്പാറ ലത്തീൻ പള്ളി ടി കുടുംബക്കാരുടെ കൂദാശപരമായ കാര്യങ്ങൾ നടത്തികൊടുക്കണമെന്ന വ്യവസ്ഥയിൽ മലങ്കര കത്തോലിക്കാ സഭയ്ക്ക് എഴുതികൊടുത്തു. അതോടെ തോണിക്കടവ് ദേവാലയം പെരുനാട് ദേവാലയത്തിന്റെ കുരിശടിപള്ളിയായി മാറി.

ഇന്ന് സ്ഥിതിചെയ്യുന്ന ദേവാലയം ജോഷ്വാ തെക്കേച്ചരുവിൽ അച്ചന്റെ കാലത്ത് പഴയ പുകപ്പുരപൊളിച്ച് പള്ളി പണിതതാണ്.

തുടർന്ന് 2013 -ൽ പുതുക്കിപണിത് ജൂലൈ 22ന് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് കൂദാശ ചെയ്തു. ഇപ്പോൾ ഇടവകയിൽ 22 കുടുംബങ്ങൾ ഉണ്ട്. ബ്രദർ അലൻ വർക്കി പൗരോഹിത്യ പഠനത്തിലാണ്.

**ഇടവകയിൽ സേവനമനുഷ്ഠിച്ച വൈദികർ**

| | | |
|---|---|---|
| 1. ഫാ. സാമുവേൽ തൈക്കൂട്ടത്തിൽ | - | 1957 - 1958 |
| 2. ഫാ. ജോസഫ് വാഴപ്പിള്ളേത്ത് | - | 1958 - 1960 |
| 3. ഫാ. സാമുവേൽ തെങ്ങുവിള | - | 1960 - 1962 |
| 4. ഫാ. വർഗീസ് ഒ.കെ. | - | 1962 - 1964 |
| 5. ഫാ. ജോർജ്ജ് പുറകൂട്ട് | - | 1964 - 1974 |
| 6. ഫാ. ജോഷ്വാ തെക്കേച്ചരുവിൽ | - | 1974 - 1978 |
| 7. ഫാ. ജോഷ്വാ പീടികയിൽ | - | 1978 - 1982 |
| 8. ഫാ. ചെറിയാൻ മായിക്കൽ | - | 1982 - 1992 |
| 9. ഫാ. തോമസ് പുതുപ്പറമ്പിൽ | - | 1992 - 1996 |
| 10. ഫാ. ജോൺ സി. പുത്തൻവീട് | - | 1996 - 2000 |
| 11. ഫാ. ഏബ്രഹാം മണ്ണിൽ | - | 2000 - 2005 |

| | | |
|---|---|---|
| 12. ഫാ. ആന്റണി പ്ലാപറമ്പിൽ | - | 2005 - 2008 |
| 13. ഫാ. വർഗീസ് കൂത്തിനേത്ത് | - | 2005 - 2007 |
| 14. ഫാ. സാമുവേൽ തോപ്പിൽ | - | 2007 - 2008 |
| 15. ഫാ. മാത്യു വാഴപ്പിള്ളേത്ത് റമ്പാൻ | - | 2008 - 2010 |
| 16. ഫാ. തോമസ് ഈട്ടിക്കാലായിൽ | - | 2010 - 2013 |
| 17. ഫാ. ജോസി ചിറയത്ത് | - | 2013 - 2015 |
| 18. ഫാ. ഗീവർഗീസ് പാലമൂട്ടിൽ തെക്കേതിൽ | - | 2015 - 2017 |
| 19. ഫാ. ബിനോയി പുതുപ്പറമ്പിൽ | - | 2017 - 2018 |
| 20. ഫാ. തോമസ് നെടുമാംകുഴിയിൽ | - | 2018 - 2021 |
| 21. ഫാ. ജസ്റ്റിൻ തോപ്പിൽകിഴക്കേതിൽ | - | 2021 |